പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2093 — 19.06.2012-ൽ മറുപടിയ്ക്ക്

## സ്പോർട്സിന്റെ സമഗ്ര പുരോഗതിയ്ക്ക് പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി | ശ്രീ.കെ.ബി.ഗണേഷ്കുമാർ<br>(വനവും, സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |
| (എ) സ്പോർട്സിന്റെ സമഗ്ര പുരോഗതി ലക്ഷ്യമാക്കി പുതുതായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാം ; | (എ) സംസ്ഥാനത്തെ കായിക വികസനം ലക്ഷ്യമാക്കി ആവിഷ്ക്കരിച്ച പുതിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1. വിവിധോദ്ദേശ്യ ഇൻഡോർ സ്റ്റേഡിയങ്ങളുടെ നിർമ്മാണം<br>2. കമ്മ്യൂണിറ്റി സ്പോർട്സ്<br>3. കളിസ്ഥല വികസനം<br>4. നീന്തൽ കുളങ്ങൾ<br>5. സിന്തറ്റിക് ട്രാക്കുകൾ<br>6. എലൈറ്റ് ട്രെയിനിംഗ് പ്രോഗ്രാം |
| (ബി) സ്കൂൾ ഗ്രൗണ്ടുകളുടെ നവീകരണത്തിന് നിലവിൽ എന്തെങ്കിലും പദ്ധതികളുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ; | (ബി) കളിസ്ഥല നവീകരണ/വികസന പദ്ധതി പ്രകാരം 5 ലക്ഷം രൂപ വരെ സ്കൂളുകൾക്കും/പഞ്ചായത്തുകൾക്കും/ ക്ലബ്ബുകൾക്കും ഫണ്ടനുവദിക്കുന്ന ഒരു പദ്ധതി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ നിലവിലുണ്ട്. മുൻ വർഷങ്ങളിൽ ഫണ്ട് അനുവദിച്ച സ്ഥാപനങ്ങളിലധികവും ധനവിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കാത്ത സാഹചര്യത്തിൽ പ്രസ്തുത പദ്ധതി ഇപ്പോൾ നിർത്തിവച്ചിരിയ്ക്കുകയാണ്. |
| (സി) ഓരോ നിയോജക മണ്ഡലത്തിലും ഒരു സ്റ്റേഡിയം വീതം സജ്ജീകരിക്കുക എന്ന ലക്ഷ്യം മുൻനിറുത്തി ഫണ്ട് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ? | (സി) ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ